## പതിമൂന്നാം കേരള നിയമസഭ

### നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ 1463

21.03.2012 ൽ മറുപടിക്ക്

### സ്വാശ്രയ സ്വയം സഹായ സംഘങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ. ദാസൻ | ശ്രീ. കെ.സി.ജോസഫ്<br>ഗ്രാമ വികസനവും ആസൂത്രണവും<br>സോർക്കായും സാംസ്കാരികവും വകുപ്പ് മന്ത്രി |
| എ) സംസ്ഥാനത്ത് ഗവണ്മെന്റിതര സംഘടനകളെയും സ്വാശ്രയ സ്വയം സഹായ സംഘങ്ങളെയും പ്രോത്സാഹിപ്പിക്കുന്നത് സർക്കാരിന്റെ നയമാണോ ; | എ) സാമൂഹ്യസേവന രംഗത്ത് പ്രവർത്തിക്കുന്ന ഗവണ്മെന്റിതര സംഘടനകളുമായി സേവന പ്രവർത്തനങ്ങളും, വികസന പ്രവർത്തനങ്ങളും നടപ്പാക്കുന്നതിന് സർക്കാർ സഹകരിക്കുന്നുണ്ട്. |
| ബി) ഏതെല്ലാം നിലയിലുള്ള ഗവണ്മെന്റിതര സംഘടനകളെയും സ്വാശ്രയ സ്വയം സഹായ സംഘങ്ങളെയുമാണ് സർക്കാർ ഇത്തരത്തിൽ സഹായിച്ചു പോരുന്നത് ; | ബി) ഭേദമില്ലാതെ, സേവന, വികസന രംഗത്ത് പ്രവർത്തിക്കുന്ന സംഘടനകളുമായാണ് സർക്കാർ സഹകരിച്ച് പ്രവർത്തിക്കുന്നത്. |
| സി) ഈ സാമ്പത്തിക വർഷം ഇത്തരം സംഘങ്ങൾക്ക് ഓരോന്നിനും എത്ര തുക അനുവദിച്ചിട്ടുണ്ട് ; | സി) ഗ്രാമ വികസന വകുപ്പിൽ നിന്നും ഇത്തരം സംഘങ്ങൾക്ക് ഈ വർഷം തുകയൊന്നും നല്കിയിട്ടില്ല. എന്നാൽ ദാരിദ്ര്യ നിർമ്മാർജ്ജന പ്രവർത്തനങ്ങളിലേർപ്പെട്ടിരിക്കുന്ന എസ്.ജി.എസ്.വൈ, എസ്.എച്ച്.ജി കൾക്ക് അതത് ബ്ലോക്ക് പഞ്ചായത്തുകൾ വഴി ലോണും സഹായ ധനവും ലഭിച്ചിട്ടുണ്ട്. അതുപോലെ IWMP പദ്ധതിയുടെ DPR തയ്യാറാക്കുന്നതിന് |

| | | | |
|---|---|---|---|
| | | | ബ്ലോക്ക് പഞ്ചായത്തുകൾ TSO ആയി പ്രവർത്തിക്കുന്ന സർക്കാരിതര സംഘടനകൾക്ക് അഡ്വാൻസ് നല്കുന്നുണ്ട് |
| ഡി) | ഇത്തരം സംഘങ്ങൾക്ക് സാമ്പത്തിക സഹായം നല്കുന്നതിന് എന്തെങ്കിലും മാന ദണ്ഡങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ടോ ; വിശദാംശങ്ങൾ വ്യക്തമാക്കാമോ ? | ഡി) | കേന്ദ്ര - സംസ്ഥാന സർക്കാരുകളുടെ വികസന പ്രവർത്തനങ്ങളിൽ, പദ്ധതി തയ്യാറാക്കുന്നതിനും, വിശദമായ പ്രോജക്റ്റ് റിപ്പോർട്ട് തയ്യാറാക്കുന്നതിനും പദ്ധതി നടപ്പാക്കുന്നതിൽ ഫെസിലിറ്റേറ്റ് ചെയ്യുന്നതിനും, സർക്കാരുമായി സഹകരിക്കാൻ തയ്യാറാകുന്ന, അപേക്ഷ ക്ഷണിക്കുമ്പോൾ മുന്നോട്ടു വരുന്ന സർക്കാരിതര സംഘടനകളുമായി നടപ്പാക്കുന്ന പദ്ധതികളുടെ മാർഗ്ഗ നിർദ്ദേശമനുസരിച്ച് കരാറിലേർപ്പെടുകയും പ്രവർത്തന പുരോഗതി അനുസരിച്ച് കരാർ പ്രകാരമുള്ള തുക അനുവദിക്കുകയും ചെയ്യുന്നു. അതത് പദ്ധതികളുടെ മാനദണ്ഡമനുസരിച്ചാണ് സഹകരിക്കേണ്ട സംഘടനകളുടെ മാനദണ്ഡം നിശ്ചയിക്കുന്നത്. |

സെക്ഷൻ ഓഫീസർ